

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


4 ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും . . 1

1 ആക്രമണങ്ങളുടെ ഘട്ടം . . . . . . . . 2

2 സുൽത്താൻവാഴ്ച . . . . . . . . . . . 3

3 ഇന്ത്യയിലെ ഇസ്ലാം . . . . . . . . . 4

4 ഇസ്ലാമിന്റെ സ്വാധീനം . . . . . . . . 5

5 ഇസ്ലാമിലും ജാതിവ്യവസ്ഥ . . . . . . 6

6 ജാതിയും വർഗ്ഗവും . . . . . . . . . . 7

7 മുസ്ലീം നാട്ടുവാഴിത്തം . . . . . . . . . 8

8 സുൽത്താൻ വാഴ്ചയിലെ
അന്തഃഛിദ്രങ്ങൾ . . . . . . . . . . . 9

9 മുഗൾഭരണത്തിന്റെ തുടക്കം . . . . . 10

10 ദൈവത്തിന്റെ നിഴൽ . . . . . . . . 11

11 ശിഥിലീകരണത്തിന്റെ ആരംഭം . . . 12

12 മുഗൾഭരണത്തിന്റെ അന്ത്യം . . . . . 13

13 പുതിയ ശക്തികളുടെ ആവിർഭാവം . . 14

# 4

# ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും

എംഗൽസ് എഴുതി: "ഇസ്ലാം പൗരസ്ത്യർക്ക് പറ്റിയ മതമാണ്. വിശേഷിച്ചും അറബികൾക്ക്. എന്നുവെച്ചാൽ, ഒരുവശത്ത് വ്യാപാരത്തിലും തൊഴിലിലുമേർപ്പെട്ട നഗരവാസികൾക്കും മറുവശത്ത് അലഞ്ഞുതിരിയുന്ന ബദ്ദുകൾക്കും പറ്റിയ മതമാണത്". [1]

ഇസ്ലാമിന്റെ സ്ഥാപകനായ മുഹമ്മദ് നബിയുടെയും (ഏതാണ്ട് എ.ഡി. 570–632) അദ്ദേഹത്തിന്റെ തൊട്ടു പിൻഗാമികളായിരുന്ന ഖലീഫമാരുടെയും കാലത്ത് ഇസ്ലാംമതം വർത്തകജനവിഭാഗങ്ങളെയും പിന്നോക്കം നിൽക്കുന്ന ഗോത്രസമുദായങ്ങളെയും യോജിപ്പിക്കാൻ സഹായിക്കുകയും അറേബിയയിലെ നാട്ടുവാഴിത്തത്തിന് ആശയപരമായ ഒരടിത്തറയായിത്തീരുകയും ചെയ്തു. അറേബിയൻ അർധദ്വീപിൽ ഫ്യൂഡലിസത്തിന്റെ വളർച്ചയുടെ പ്രത്യേകതകളിലൊന്ന് അത് അടിമത്തബന്ധങ്ങളെ മാത്രമല്ല കുലഗോത്രവ്യവസ്ഥയുടെ പ്രബലങ്ങളായ അവശിഷ്ടങ്ങളെക്കൂടി നിലനിർത്തിയെന്നതാണ്. അതുകൊണ്ടാണ് അത് ഏഷ്യയിലും ആഫ്രിക്കയിലും ഖലീഫമാർ പിടിച്ചടക്കിയ രാജ്യങ്ങളിലെ ജനങ്ങളിൽ വലിയൊരു വിഭാഗത്തെ ആകർഷിച്ചത്. ജേതാക്കൾ പുതിയ മതത്തിന്റെ കുരിശുയുദ്ധക്കാരായി രംഗത്തുവന്നു. എംഗൽസ് പറഞ്ഞപോലെ, "ചരിത്രപരമായിരുന്ന ഒരു മുന്നേറ്റം മതപരമായ ഒരു മുഖമുദ്ര നേടിയെടുത്തു". [2]

ഇസ്ലാമിന്റെ ജനനത്തിന് വളരെ മുമ്പുതന്നെ അറേബ്യയിലെ ജനങ്ങൾക്ക് ഇന്ത്യക്കാരുമായി സൗഹൃദബന്ധങ്ങളുണ്ടായിരുന്നു. അവരിൽ ചിലർ ഇന്ത്യയുടെ പശ്ചിമതീരത്ത് താമസമുറപ്പിച്ചിരുന്നു. അവർ ആക്രമണകാരികളായിട്ടല്ല, വ്യാപാരികളായിട്ടാണ്, വന്നത്. ഇസ്ലാമിന്റെ ആദ്യശതകങ്ങളിൽ പോലും അവർ ഇന്ത്യക്കാരുമായി സൗഹൃദബന്ധങ്ങൾ പുലർത്തിപ്പോന്നു. ഇന്ത്യയിലെ ഹിന്ദുരാജാക്കന്മാർ അവരെ സ്വാഗതം ചെയ്യുകയും അവർക്ക് തങ്ങളാൽ കഴിയുന്ന സർവവിധ പ്രോത്സാഹനങ്ങളും ചെയ്തു കൊടുക്കുകയും ചെയ്തു. ഉദാഹരണത്തിന്, മലബാറിലെ സാമൂതിരിരാജാവ് തന്റെ പ്രദേശത്ത് പള്ളി പണിയാനും തടസ്സമൊന്നും കൂടാതെ മതപ്രചരണം നടത്താനും അവരെ അനുവദിച്ചു. തന്റെ കപ്പലുകളിലേക്ക് കൂടുതൽ നാവികരെ കിട്ടുവാൻ വേണ്ടി അദ്ദേഹം പ്രജകളെ ഇസ്ലാംമതത്തിൽ ചേരാൻ പ്രോത്സാഹിപ്പിക്കുക കൂടി ചെയ്തു. കാരണം, അക്കാലത്ത് ഹിന്ദുക്കൾക്ക് കപ്പലോടിക്കാനും കപ്പൽയാത്ര ചെയ്യാനും പാടില്ലായിരുന്നു. നാട്ടിലെ ഹിന്ദുസ്ത്രീകളെ വിവാഹം കഴിക്കാൻ കുടിയേറ്റക്കാരായ അറബികൾക്ക് അനുവാദം ലഭിച്ചു. അങ്ങനെ ഇവിടെ മുസ്ലീങ്ങളുടെ എണ്ണം അതിവേഗം വർദ്ധിച്ചു.

---

1. Marx and Engels: On Religion, P. 314.
2. Ibid, P. 239.

## 1 ആക്രമണങ്ങളുടെ ഘട്ടം

ക്രിസ്തുവർഷം എട്ടാം നൂറ്റാണ്ടോടുകൂടി ഇസ്ലാമിക സ്വാധീനത്തിന്റെ ഒരു പുതിയ ഘട്ടം കൂടി ആരംഭിച്ചു കഴിഞ്ഞിരുന്നു. ഇത് വടക്കുപടിഞ്ഞാറു നിന്നാണ് തുടങ്ങിയത്. ബലൂചിസ്ഥാനിൽ നിന്ന് അറബികൾ മുഹമ്മദ് ബിൻ കാസിമിന്റെ നേതൃത്വത്തിൽ ഇന്ത്യയെ ആക്രമിച്ച് സിൻധും ദക്ഷിണപഞ്ചാബും വെട്ടിപ്പിടിച്ചു. മൂന്നു നൂറ്റാണ്ടുകൾക്കു ശേഷം—ക്രിസ്തുവർഷം 1000ത്തിനും 1030നു മിടയിൽ—മുഹമ്മദ് ഗസ്നി ഇന്ത്യയെ തുടരെത്തുടരെ പതിനേഴു പ്രാവശ്യം ആക്രമിച്ച് കൊള്ളയും കൊലയും നടത്തി സാമാന്യത്തിലേറെ ധനം വാരിക്കൊണ്ടുപോയി. ഈ ആക്രമണങ്ങൾ വഴി ഇന്ത്യയിൽ സ്വന്തമായ ഒരു സാമ്രാജ്യം സ്ഥാപിക്കുന്ന കാര്യത്തിൽ അദ്ദേഹം വിജയിച്ചില്ല. എങ്കിലും ഇവിടെ വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിവെയ്ക്കാനും ഈ രാജ്യത്തിന്റെ സൈനികശേഷിയെ ദുർബലമാക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. പുറമെ നിന്നുള്ള പുതിയ ആക്രമണങ്ങൾക്ക് ഇത് വഴിയൊരുക്കി. ഹിന്ദുസമുദായത്തിലെ തൊട്ടുകൂടായ്മ പോലുള്ള ദ്രോഹവശങ്ങളോടുകൂടിയ ജാതിസമ്പ്രദായവും കർമ്മസിദ്ധാന്തത്തിലുള്ള അന്ധമായ വിശ്വാസവും ജനങ്ങളുടെ ക്രിയോന്മുഖമായ വീര്യത്തെ മിക്കവാറും നശിപ്പിച്ചു കഴിഞ്ഞിരുന്നു. തങ്ങളെ നേരിട്ടു ബാധിക്കാത്ത കാര്യങ്ങളിൽ ഒരുതരം നിസംഗത പുലർത്താൻ അവർ ശീലിച്ചുകഴിഞ്ഞിരുന്നു. അവരുടെ പ്രതിരോധവാസന നിർജീവമായിക്കഴിഞ്ഞിരുന്നു. ഇന്ത്യയിലെ ഭരണാധികാരികളാവട്ടെ, യാതൊരു യോജിപ്പുമില്ലാതെ പരസ്പരം യുദ്ധം വെട്ടിക്കൊണ്ടേയിരുന്നു. ഇതെല്ലാം തന്നെ ഒടുവിൽ മുസ്ലീം ആക്രമണകാരികളുടെ കീഴിൽ നാട്ടുവാഴി രാഷ്ട്രങ്ങൾ സ്ഥാപിക്കപ്പെടുന്നതിനു വഴിതെളിച്ചു.

## 2 സുൽത്താൻവാഴ്ച

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ മുഹമ്മദ് ഗോറിയുടെ നേതൃത്വത്തിൽ തുർക്കികൾ വടക്കുപടിഞ്ഞാറു നിന്ന് ആക്രമണം അഴിച്ചുവിട്ട് ദില്ലിയും അതിനടുത്തുള്ള മറ്റ് ഉത്തരേന്ത്യൻ പ്രദേശങ്ങളും അധീനപ്പെടുത്തി. 1206-ൽ ഗോറി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ വൈസ്രോയിയും പടനായകന്മായിരുന്ന കുത്തബ്-ദിൻ-ഐബക്ക് അധികാരം കയ്യേറ്റ് ദില്ലിയിലെ സുൽത്താൻ താനാണെന്ന് സ്വയം പ്രഖ്യാപിച്ചു. അങ്ങനെ അടിമരാജവംശം എന്ന പേരിൽ പുതിയൊരു ഭരണക്രമം സ്ഥാപിതമായി. തുടർന്നുള്ള ഏതാനും നൂറ്റാണ്ടുകൾ ദില്ലിയിൽ സുൽത്താൻവാഴ്ചയുടെ കാലമായിരുന്നു. അടിമരാജവംശത്തെ തുടർന്ന്, ഖിൽജി, തുഗ്ലക്ക്, സൈദ്, ലോദി തുടങ്ങിയ രാജവംശങ്ങൾ ഒന്നിനുപിറകെ ഒന്നായി, ദില്ലിയിലെ സിംഹാസനം അലങ്കരിച്ചു. ഒടുവിൽ 1526-ൽ ബാബർ ദില്ലി സിംഹാസനത്തിലെ ഒടുവിലത്തെ ഭരണാധികാരിയായ ഇബ്രാഹിം ലോദിയെ തോൽപ്പിച്ച് മുഗൾ സാമ്രാജ്യം സ്ഥാപിച്ചു. വടക്കെ ഇന്ത്യയിലെ ഒട്ടേറെ ഹിന്ദുരാഷ്ട്രങ്ങളും തെക്കെ ഇന്ത്യയിലെ തന്നെ ചില ഹിന്ദു രാജ്യങ്ങളും ഇക്കാലത്തിനിടയ്ക്ക് ദില്ലിയിലെ മുസ്ലീംഭരണാധികാരത്തിന് വഴങ്ങിക്കൊണ്ട് സൽത്തനത്തിന്റെ പരമാധികാരം അംഗീകരിച്ചു കഴിഞ്ഞിരുന്നു.

ഇന്ത്യയിലാദ്യമായി അസംതൃപ്തരായ പ്രാദേശിക സേനാനായകന്മാരെയും നാട്ടുവാഴി പ്രഭുക്കളെയും അടിച്ചമർത്താനാവശ്യമായ സ്ഥിരം സൈന്യസജ്ജീകരണങ്ങളോടുകൂടിയ സുശക്തമായ ഒരു മധ്യകാലഭരണകൂടം പടുത്തുയർത്തി എന്നതാണ് ദില്ലി സൽത്തനത്തിന്റെ ചരിത്രപരമായ ഒരു സവിശേഷത. ദില്ലി സുൽത്താന്മാരെല്ലാം ധനസമൃദ്ധിക്കും സുഖഭോഗങ്ങൾക്കും പേരുകേട്ടവരായിരുന്നു. അവർ തങ്ങളുടെ വിശാലങ്ങളായ അന്തഃപുരങ്ങളിൽ നിരവധി വെപ്പാട്ടിമാരെയും അടിമപ്പടയെയും സൂക്ഷിച്ചിരുന്നു. നാട്ടുവാഴിത്തസ്വഭാവത്തിലുള്ള സൽത്തനത്തിലെ ഭരണാധികാരികൾക്ക് ഉലെമകൾ (മുസ്ലീം പണ്ഡിതന്മാർ) ദിവ്യമായ അനുമതി നൽകിയിരുന്നതുകൊണ്ട് സ്വന്തം പ്രജകളുടെ മേൽ അനിഷേധ്യമായ അധികാരമുണ്ടായിരുന്നു. ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന്മാർ സൈന്യത്തിന്റെയും കരം പിരിവിന്റെയും ചുമതല വഹിച്ച വസീർമാരായിരുന്നു. സൽത്തനത്തിന്റെ കീഴിലുള്ള പ്രദേശങ്ങൾ മുഴുവനും മുസ്ലീം ഗവർണർമാരുടെ അധീനത്തിലുള്ള സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടു.

മുസ്ലീം ആക്രമണകാരികൾ ഒരു പുതിയ മതവീക്ഷണവും കൊണ്ടാണ് വന്നത്. പുതിയ ഉൽപ്പാദനരീതികളൊന്നും കൊണ്ടുവന്നിരുന്നില്ല. ഇന്ത്യയിലെ നാട്ടുവാഴിത്തത്തിന്റെ അടിത്തറ മാറ്റാൻ അവർക്ക് കഴിഞ്ഞില്ല. എങ്കിലും അവർ നാട്ടുവാഴിത്ത രീതിയിലുള്ള ഉടമാവകാശത്തിന്റെ ചില പുതുരൂപങ്ങൾ ആവിഷ്കരിക്കുകയും അങ്ങനെ ഒരു പുതിയ ഫ്യൂഡൽസാമ്രാജ്യം കൊണ്ടു നടത്തുന്നതിനാവശ്യമായ ഒരു കേന്ദ്രഭരണ സംവിധാനം സൃഷ്ടിക്കുകയും ചെയ്തു.

## 3 ഇന്ത്യയിലെ ഇസ്ലാം

പക്ഷേ, ഈ കാലമാവുമ്പോഴേക്കും ഇന്ത്യയിലെ മുസ്ലീം രാജാക്കന്മാരും ഭരണാധികാരികളുമെല്ലാം ഇസ്ലാമിന്റെ ആദ്യകാലത്തെ സ്വഭാവവിശേഷങ്ങൾ പലതും കൈവെടിഞ്ഞു കഴിഞ്ഞിരുന്നു. പുറമേക്ക് അവർ ഇസ്ലാമിന്റെ ഏറ്റവും നല്ല അനുയായികളായി സ്വയം പ്രഖ്യാപിക്കുകയും ഇസ്ലാമികാനുഷ്ഠാനങ്ങളോടും പ്രാർത്ഥനകളോടും ആദരവ് പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ, അവരുടെ മതത്തിന് മുഹമ്മദ് നബിയോ അദ്ദേഹത്തിന്റെ അടുത്ത അനുയായികളോ പ്രചരിപ്പിച്ച ആദ്യകാല മുസ്ലീം മതവുമായി വലിയ ബന്ധമൊന്നുമുണ്ടായിരുന്നില്ല. മതപണ്ഡിതന്മാരായ ഖലീഫമാരുടെ പരമാധികാരത്തിൻ കീഴിൽത്തന്നെ ഖുർ ആനിലെ ആദ്യകാലോപദേശങ്ങളുടെ മേൽ ചില പുതിയ ആശയങ്ങൾ പറ്റിക്കൂടി കഴിഞ്ഞിരുന്നു. ഇസ്ലാം മതത്തിന്റെ പ്രചാരത്തോടുകൂടി ഉത്ഭവിച്ച പുതിയ സാഹചര്യങ്ങളിൽ സുശക്തമായ ഒരു ഫ്യൂഡൽ ഭരണകൂടത്തിന്റെ ആവശ്യങ്ങളെ നേരിടത്തക്കവിധം പുതിയ മതസിദ്ധാന്തങ്ങളാവിഷ്ക്കരിക്കുകയും പഴയ വിശ്വാസങ്ങളെ സമാഹരിക്കുകയും ചെയ്തുകൊണ്ട് ഒരു പുതിയ ആധികാരികനിയമവ്യവസ്ഥ സ്ഥാപിക്കേണ്ടതാവശ്യമാണെന്ന് മുഹമ്മദിന്റെ അനുയായികൾ മനസ്സിലാക്കി. ദില്ലി സൽത്തത്തിന്റെ ആവിർഭാവത്തിനെത്രയോ മുമ്പുതന്നെ അവർ തങ്ങളുമായി ബന്ധപ്പെട്ട പേഴ്സ്യൻ പ്രഭുക്കളുടെ ഇസ്ലാമികമല്ലാത്ത പല ആശയങ്ങളും ഉൾക്കൊണ്ടുകഴിഞ്ഞിരുന്നു. "സൽത്തത്ത് ഇസ്ലാമിന്റെ പ്രസിദ്ധങ്ങളായ പല നിയമങ്ങളും ലംഘിച്ചു" എന്ന് കെ. എം. അഷ്റഫ് എഴുതുന്നു. "ഉദാഹരണത്തിന്, രാജാവിനെ തിരഞ്ഞെടുക്കണമെന്ന തത്വം, പാരമ്പര്യമായി കിട്ടുന്ന സ്വത്തുക്കളുടെ ഓഹരികൾ ഇന്നിന്നവർക്കെന്ന് നിർണ്ണയിക്കുന്നതും അവ ഭാഗിക്കുന്നതിൽ പാലിക്കേണ്ട തത്വങ്ങൾ ഏവയെല്ലാമെന്ന് വിശദീകരിക്കുന്നതുമായ പിന്തുടർച്ചാവകാശനിയമം, അനുവദനീയമായതും (ഹലാൽ) അനുവദനീയമല്ലാത്തതും (ഹറാം) തമ്മിൽ വ്യക്തമായി വേർതിരിച്ചറിയണമെന്ന തത്വം—ഇതൊക്കെ ലംഘിക്കപ്പെട്ടവയ്ക്ക് ഉദാഹരണങ്ങളാണ്. അക്കാലത്തെ മിടുക്കനായ ഒരു രാജ്യതന്ത്രജ്ഞൻ ചൂണ്ടിക്കാണിച്ചതുപോലെ സൽത്തത്ത് ഇസ്ലാമിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമായ സ്വന്തം നിയമങ്ങൾ രൂപവൽക്കരിച്ചു. സൽത്തത്തിന്റെ നിയമങ്ങളെ ഒറ്റവാക്കിൽ ഇങ്ങനെ സംഗ്രഹിച്ചുപറയാം: സുൽത്താന്റെ ഹിതം. ഖുറാനിൽ വിവരിക്കപ്പെട്ട രാഷ്ട്രീയാദർശങ്ങളെ എത്ര നീട്ടിവലിച്ച് വ്യാഖ്യാനിച്ചാലും നഗ്നവും പരസ്യവുമായ ഈ ഏകാധിപത്യവുമായി അവയെ ഇണക്കിച്ചേർക്കാനാവില്ല". [3]

---

3. K. M. Ashraf: Life and Conditions of the People of Hindustan.

# 4 ഇസ്ലാമിന്റെ സ്വാധീനം

സ്റ്റേറ്റിന്റെ കാര്യങ്ങളിൽ മാത്രമല്ല മതരംഗത്തും തത്വചിന്തയിലുമെല്ലാം ഇന്ത്യയിലെ ഇസ്ലാംമതം അതിന്റെ പ്രാരംഭരൂപത്തിൽ നിന്നും ഉള്ളടക്കത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. അനാഡംബരത, ലളിതജീവിതം, ഗോത്രജനാധിപത്യം, സാമൂഹ്യനീതി എന്നിങ്ങനെ ഇസ്ലാമിന്റെ പ്രാരംഭ ഘടകങ്ങളുടെ ചില അംശങ്ങൾ നിലനിർത്തിപ്പോന്നുവെന്നത് ശരിതന്നെ. ജനങ്ങളിൽ വലിയൊരുഭാഗത്തെ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി കണക്കാക്കുന്ന ജാതിഭേദങ്ങൾ മൂലം താറുമാറായ ഒരു രാജ്യത്ത് ഇവ തീർച്ചയായും ആകർഷകങ്ങളായിരുന്നു. പല ഹിന്ദുക്കളും സ്വമനസ്സാലെ ഇസ്ലാംമതത്തിൽ ചേർന്നതിനു കാരണമിതാണ്.

ഇന്ത്യയിൽ ഇസ്ലാം അഭിവൃദ്ധിപ്പെട്ടുവന്ന ആദ്യകാലത്ത് ജാതിവ്യവസ്ഥ, വിഗ്രഹാരാധന തുടങ്ങിയ അനാശാസ്യങ്ങളായ ഹിന്ദുമതവിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും മുസ്ലീങ്ങൾ ഭയത്തോടും അറപ്പോടും കൂടിയായിരിക്കണം വീക്ഷിച്ചിരുന്നത്. എന്നാൽ, ആഴത്തിൽ വേരൂന്നിക്കഴിഞ്ഞിരുന്ന ഇത്തരം ജീവിതരീതികളെയും വിശ്വാസങ്ങളെയും പിഴുതെറിയുക അസാദ്ധ്യമായിരുന്നു. എന്തെന്നാൽ, ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന സാമൂഹ്യപരിതഃസ്ഥിതികൾ പുതിയ മതത്തിന്റെ ഗോത്രജനാധിപത്യമോ സാഹോദര്യമോ സമത്വമോ തുടർന്നു നിലനിർത്താനും വളർത്താനും പറ്റിയ തരത്തിലുള്ളവയായിരുന്നില്ല. മാത്രമല്ല, ടൈറ്റസ് പറഞ്ഞതുപോലെ, "ഒരു വിദേശരാജ്യത്തുനിന്നു കൊണ്ടുവന്ന സൈനികശക്തികളുപയോഗിച്ച കൊണ്ട് ഇത്രയും വലിയ ഒരു രാജ്യത്ത് ഇത്രയും വലിയൊരു ജനശക്തിയുടെ മേൽ നീതിപരിപാലനം നടത്താനോ പരമാധികാരത്തെപ്പറ്റിയുള്ള ഭയം സൃഷ്ടിച്ച് അവരെക്കൊണ്ടു ഇസ്ലാംമതം സ്വീകരിപ്പിക്കാനോ കഴിയുമായിരുന്നില്ല". [4]

അതുകൊണ്ട് ഇന്ത്യയിലെ സാഹചര്യങ്ങൾക്ക് വഴങ്ങിക്കൊണ്ട് ഹിന്ദുമതത്തെയും ഇസ്ലാംമതത്തെയും അവയുടെ വ്യത്യസ്തങ്ങളായ മതവിശ്വാസങ്ങളോടും സാമൂഹ്യ–രാഷ്ട്രീയ പ്രവർത്തനങ്ങളോടും കൂടി സഹവർത്തിത്വ മനോഭാവത്തോടെ നിലനിൽക്കാനനുവദിക്കുന്നതാണ് നല്ലത് എന്ന് മുസ്ലീം ഭരണാധികാരികൾ മനസ്സിലാക്കി. അവർ ഇവിടെ വന്നത് സാമൂഹ്യവും മതപരവുമായ പരിഷ്കാരങ്ങൾക്ക് വേണ്ടിയായിരുന്നില്ല; ലാളിത്യമോ ജനാധിപത്യമോ നടപ്പിൽ വരുത്താനുമായിരുന്നില്ല. സ്വന്തം ഫ്യൂഡൽ താൽപ്പര്യങ്ങളെയും അവകാശങ്ങളെയും നിലനിർത്തി പരിപോഷിപ്പിക്കത്തക്ക ഒരു ഭരണാധികാരം സ്ഥാപിക്കാൻ വേണ്ടിയാണവർ വന്നത്. എന്നാൽ, സഹവർത്തിത്വം ഒരു തുടക്കം മാത്രമായിരുന്നു. അത് ഒരുവശത്ത് സംഘർഷത്തിലേക്കും മറുവശത്ത് പരസ്പരധാരണ, സഹിഷ്ണത, സാത്മീകരണം, സാഹോദര്യം മുതലായവയിലേക്കും വഴിതെളിച്ചു. ഇസ്ലാംമതം ഹിന്ദുക്കളുടെ ജീവിതത്തെയും വീക്ഷണഗതിയെയും ശക്തിയായി സ്വാധീനിച്ചു. താരാചന്ദ് എഴുതുന്നു:

> "ഇന്ത്യക്കാരുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും മുസ്ലീങ്ങളുടെ സ്വാധീനം എത്രകണ്ടധികമുണ്ടെന്നു പറഞ്ഞാലും അത് അതിശയോക്തിയാവില്ല. എന്നാൽ, മഹാരാഷ്ട്രക്കാരും രജപുത്രരും സിഖുകാരുമായ രാജാക്കന്മാരുടെ ഭരണസ്ഥാപനങ്ങളിലും പെരുമാറ്റ ചട്ടങ്ങളിലും ആചാരങ്ങളിലും ഗാർഹികജീവിതത്തിന്റെ ഉള്ളറകളിലും സംഗീതം, വസ്ത്രധാരണരീതി, പാചകസമ്പ്രദായം, വിവാഹചടങ്ങുകൾ, ഉത്സവാഘോഷങ്ങൾ തുടങ്ങിയ കാര്യങ്ങളിലും കാണുന്നതുപോലെ അത്രയും വ്യക്തമായും സ്പഷ്ടമായും ഇത് മറ്റൊരിടത്തും തെളിഞ്ഞു കാണുന്നില്ല. ബാബറുടെ കാലത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും ഒരേ രീതിയിൽ തന്നെയാണ് ജീവിക്കുകയും ചിന്തിക്കുകയും ചെയ്തത്. ഇക്കാരണത്താൽ അവരുടെ ഹിന്ദുസ്ഥാനിരീതി ശ്രദ്ധിക്കാതിരിക്കാൻ ബാബർക്ക് കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ പിൻഗാമികൾ ഈ പാരമ്പര്യത്തെ പ്രശസ്തമായ നിലയിൽ ഏറ്റെടുക്കുകയും അത്ഭുതകരമാംവിധം സമ്പന്നമാക്കിത്തീർക്കുകയും ചെയ്തു. തൽഫലമായി അവരിവിടെ വിട്ടേച്ചുപോയ പാരമ്പര്യത്തെക്കുറിച്ച് ഇന്ത്യക്കിന്നും അഭിമാനപൂർവ്വം സ്മരിക്കാമെന്ന നിലവന്നുചേർന്നു". [5]

---

4. Murray T. Titus: Islam in India and Pakisthan P. 157.
5. Tarachand: Influence of Islam on Indian Culture, PP. 141–142.

## 5 ഇസ്ലാമിലും ജാതിവ്യവസ്ഥ

അതേസമയം തന്നെ ഇസ്ലാംമതവിശ്വാസികൾ ഇന്ത്യയിലെ സാഹചര്യങ്ങളുമായി ഇണങ്ങിക്കൊണ്ട് ഇവിടത്തെ ആചാരങ്ങൾ, വിശ്വാസങ്ങൾ, ആഘോഷസമ്പ്രദായങ്ങൾ, അന്ധവിശ്വാസങ്ങൾ, തത്വചിന്താപരമായ ആശയങ്ങൾ മുതലായവയെ അംഗീകരിച്ച സ്വായത്തമാക്കി. ഇതിൻഫലമായി അറേബിയയിലെ അടിസ്ഥാനപരമായ ഇസ്ലാമിൽ നിന്നു വ്യത്യസ്തമായ ചില പുതിയ സ്വഭാവവിശേഷങ്ങൾ ഇന്ത്യയിലെ ഇസ്ലാമിന് കൈവന്നു. അത് ഇന്ത്യയിലെ മതപരമായ തത്വചിന്താ സരണികളിലൊന്നായിത്തീർന്നു. ജാതിവ്യത്യാസങ്ങൾ അപ്രത്യക്ഷമാകുന്നതിനുപകരം അത് ഇസ്ലാംമതത്തിലും വ്യാപിച്ച് അതിനെ ദൂഷിപ്പിക്കാൻ തുടങ്ങി. ഇന്ത്യയിലെ മുസ്ലീങ്ങൾ ഷരീഫ് (ഉയർന്ന ജാതികൾ), അജ്ലഫ് (താഴ്ന്ന ജാതികൾ) എന്നിങ്ങനെ രണ്ടു വിഭാഗക്കാരായി തരംതിരിക്കപ്പെട്ടു. ഹിന്ദുക്കൾക്കിടയിൽ ഉയർന്ന ജാതികളിൽ നിന്ന് മുസ്ലീങ്ങളായി മതം മാറിയവർക്ക് ‘ഷരീഫ്’ കളാകാനുള്ള ഭാഗ്യമുണ്ടായി. താഴ്ന്ന ജാതികളിൽ നിന്ന് മുസ്ലീങ്ങളായി മാറിയവരാകട്ടെ, അജ്ലഫുകളായിത്തന്നെ തുടർന്നു. ഇസ്ലാംമതം സ്വീകരിച്ചവർ തങ്ങളുടെ മതവിശ്വാസം മാറ്റിയെങ്കിലും അവർക്ക് തങ്ങളുടെ പഴയ ആചാരങ്ങളും പാരമ്പര്യങ്ങളും സർവോപരി സമുദായത്തിൽ അവർക്കുണ്ടായിരുന്ന സാമ്പത്തികനിലയും മാറ്റുകയെന്നത് എളുപ്പമല്ലായിരുന്നു. താഴ്ന്ന ജാതിയിൽ പെട്ടവർ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്തശേഷം പഴയപടി അകറ്റി നിർത്തപ്പെട്ടു. ഡോക്ടർ അഷ്റഫ് ചൂണ്ടിക്കാണിച്ചതുപോലെ, “സാധാരണക്കാരനായ മുസ്ലീമിന് മതപരിവർത്തനത്തോടുകൂടി സമൂഹത്തിലുള്ള തന്റെ പഴയ ചുറ്റുപാടുകളെ—ജാതിവ്യത്യാസങ്ങളുടെയും പൊതുവായ സാമൂഹ്യാസമത്വങ്ങളുടെയും ശക്തിയായ സ്വാധീനമുണ്ടായിരുന്ന പഴയ ചുറ്റുപാടുകളെ—മാറ്റാൻ കഴിഞ്ഞില്ല. തന്നിമിത്തം ഇന്ത്യയിലെ ഇസ്ലാംമതം മെല്ലെ മെല്ലെ ഹിന്ദുമതത്തിന്റെ ബാഹ്യമായ സ്വഭാവവിശേഷങ്ങൾ ഉൾക്കൊള്ളാൻ തുടങ്ങി. മുസ്ലീം സമുദായത്തിലെ തന്നെ വിവിധ വർഗ്ഗങ്ങൾ ഒരേ നഗരത്തിനുള്ളിൽ പോലും വേർപിരിഞ്ഞ് അകന്നു ജീവിക്കാൻ തുടങ്ങി”. [6]

ഭരണാധികാരിവർഗ്ഗത്തിനകത്തു തന്നെ വ്യത്യസ്ത സാമൂഹ്യവിഭാഗങ്ങളുണ്ടായിരുന്നു. അറേബ്യാവംശജരായ സയ്യിദുമാരും ശെയ്ഖുമാരും, തുർക്കിവംശജരായ മുഗിളന്മാർ, അഫ്ഘാൻകാരായ പഠാന്മാർ എന്നിങ്ങനെ ഈ വിഭജനം പൊതുവേ അവരവരുടെ മാതൃരാജ്യത്തെ സൂചിപ്പിച്ചിരുന്നു.

നാടുവാഴി പ്രഭുക്കളും ഇടപ്രഭുക്കളും മാത്രമല്ല, മുള്ളാമാർ, ഉലെമമാർ തുടങ്ങി മുസ്ലീംപൗരോഹിത്യ വൃന്ദത്തിലെ നേതാക്കളും സയ്യിദ്, ശെയ്ഖ് തുടങ്ങിയ ഉയർന്ന ജാതികളിൽ പെട്ടവരായിരുന്നു. മുസ്ലീങ്ങൾക്ക് ഒരു കേന്ദ്രീകൃതമായ പദ്ധതിയില്ലാതിരുന്നതിനാൽ മതധർമ്മങ്ങളുടെ അടിസ്ഥാനത്തിലുള്ള ജാതിവിഭജനവുമുണ്ടായിരുന്നില്ല. പുരോഹിതവർഗ്ഗം ഒരു പ്രത്യേകജാതിയല്ലായിരുന്നുവെന്നർത്ഥം. പുരോഹിതവർഗ്ഗത്തിന്റെ അവിഭാജ്യഘടകങ്ങളായ മഫ്തി (വക്കീൽ), കാസി (ജഡ്ജി), മുഖ്താസിൽ (വിദ്യാഭ്യാസവിദഗ്ധൻ) തുടങ്ങിയവരും ഉലെമാവിഭാഗത്തിൽ പെട്ടവരായിരുന്നു. ഇതിനുപുറമെ കർഷകജാതികളും (താക്കൂർമാർ, ആഹിർമാർ തുടങ്ങിയവർ) കാർഷികത്തൊഴിലാളികളും കൈവേലക്കാരും മറ്റുമുണ്ടായിരുന്നു. കാർഷികത്തൊഴിലാളികളും കൈവേലക്കാരും ദരിദ്രരായ കൃഷിക്കാരും പൊതുവേ ‘അജ്ലഫ്’ മാരായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. “മുസ്ലീങ്ങളുടെ രണ്ടാമത്തെ വിഭാഗമായ ജൂലാഹ, തേലി, ഭട്ട്, ഗോഗി തുടങ്ങിയ കൂട്ടർക്കിടയിൽ അസംഖ്യം ജാതിപ്പേരുകൾ കാണാമെന്ന് ടൈറ്റസ് പറയുന്നു. “അവയിൽ പലതും അവരുടെ തൊഴിലിനെ സൂചിപ്പിക്കുന്നവയാണ്. ഉദാഹരണത്തിന്, തേലികൾ എണ്ണ (തേൽ) ഉണ്ടാക്കുന്നവരായിരുന്നു. മുസ്ലീം ജാതികളിൽ പലതും പഴയ ഹിന്ദുജാതികളുടെയോ സമൂഹങ്ങളുടെയോ പേരുകൾ തുടർന്ന് നിലനിർത്തിപ്പോന്നു. ജാതിപ്പേരുകൾ മാത്രമല്ല, തിന്നുന്നതിലും കുടിക്കുന്നതിലും വിവാഹം കഴിക്കുന്നതിലും മറ്റുമുണ്ടായിരുന്ന പഴയ ജാതിബോധങ്ങളും തുടർന്നുപോന്നു. ഇസ്ലാംമതത്തിന്റെ ആശയങ്ങൾക്ക് തീരെ എതിരായ നിലയിൽ മദ്യവിൽപ്പന നടത്തുന്ന കലാൽ എന്നു പേരുള്ള ഒരു ജാതിയും വടക്കെ ഇന്ത്യയിലുണ്ട്. മദ്യവ്യാപാരം ഇസ്ലാമികതത്വങ്ങൾക്ക് തികച്ചും എതിരാണ്. എന്നിട്ടും, ഈ ജാതിയിൽപെട്ട പലരും പൊതുകാര്യങ്ങളിൽ പ്രമുഖരായിത്തീർന്നിട്ടുണ്ട്”. [7]

---

6. K. M. Ashraf: Life and Conditions of the People of Hindustan P. 78.
7. Murray T. Titus: Islam in India and Pakistan, P. 177

## 6 ജാതിയും വർഗ്ഗവും

ഇന്ത്യയിലെ മുസ്ലീങ്ങൾക്കിടയിലുള്ള ജാതിവ്യത്യാസങ്ങൾ ആദ്യകാലത്ത് ഹിന്ദുക്കളുടെയിടയിലെന്നപോലെ അത്ര കർശനമായിരുന്നില്ല. സാമ്പത്തികനിലയിലെ മാറ്റങ്ങൾ വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ ജാതി മാറാൻ അവരെ സഹായിച്ചിരുന്നു. ഇത് സൂചിപ്പിക്കുന്ന ഒരു പഴയ ചൊല്ലുണ്ട്: “കഴിഞ്ഞ കൊല്ലം ഞാനൊരു ജ്ജുലാഹ (നെയ്ത്തുകാരൻ)യായിരുന്നു. ഇക്കൊല്ലം ഞാൻ ശെയ്ഖ് ആണ്. അടുത്തകൊല്ലം വിളയെടുപ്പ് നന്നായെങ്കിൽ ഞാനൊരു സയ്യിദായിരിക്കും”.

എന്നാൽ, ഫലത്തിൽ ഒരു മർദ്ദിതതൊഴിലാളിക്ക് ഒരു നാട്ടുവാഴിപ്രഭുവിന്റെ സ്ഥാനവും പദവിയും കൈവരിക്കുക എളുപ്പമായിരുന്നില്ല. നെയ്ത്തുകാർ, വെള്ളംകോരികൾ, എണ്ണവിൽപ്പനക്കാർ, വിറകുവെട്ടികൾ, വയൽപണിക്കാർ തുടങ്ങിയ അദ്ധ്വാനിക്കുന്ന മുസ്ലീംജനവിഭാഗങ്ങൾ താണ ജാതിക്കാരായിത്തന്നെയാണ് കണക്കാക്കപ്പെട്ടത്. ഹിന്ദു സമുദായത്തിൽ അതേതലത്തിൽ പെട്ടവരിൽ നിന്നും അവരുടെ നില ഒട്ടും വ്യത്യസ്തമായിരുന്നില്ല. ഇസ്ലാമിലെ ആത്മീയനേതാക്കളാകട്ടെ, നാട്ടുവാഴിവർഗ്ഗങ്ങളുമായി കൂട്ടുകൂടിക്കൊണ്ട് ജാതിമേധാവിത്വത്തിന്റെ സാഹചര്യങ്ങൾക്ക് പിന്തുണ നൽകുകയാണ് ചെയ്തത്. ഹിന്ദുപുരോഹിതന്മാരെപ്പോലെ തന്നെ മുസ്ലീം പുരോഹിതന്മാരും സമുദായത്തിലെ വർഗ്ഗവിഭജനങ്ങളും ജാതിവ്യത്യാസങ്ങളും നിലനിർത്താൻ ശ്രമിച്ചു. നിലവിലുള്ള സാമൂഹ്യക്രമം അല്ലാഹ വിധിച്ചതാണെന്നും അതു നിലനിർത്തേണ്ടതാണെന്നും തെളിയിക്കാൻ മുഗൾഭരണകാലത്തെ പ്രശസ്ത വ്യക്തികളായ സിയാവുദ്ദീൻ ബാർനി, മുഹമ്മദ് ബാഖീർഖാൻ തുടങ്ങിയവർ ശ്രമിക്കുകയുണ്ടായി. ബാഖീർഖാൻ 1612-ൽ തന്റെ പ്രസിദ്ധമായ ‘ഗവണ്മെന്റിനുള്ള താക്കീതുകളിൽ ഇപ്രകാരം എഴുതി: “ഭരണാധികാരികൾ ദുഷിച്ച സ്വഭാവങ്ങളോടു കൂടിയ അനർഹരായ ആളുകളെ പരിശുദ്ധമായ പാരമ്പര്യവും വിവേകവുമുള്ള ആളുകളുടെ സമന്മാരായി കണക്കാക്കരുത്. മൗലികാചാരങ്ങളിലും ഭരണാധികാരത്തിന്റെ നടത്തിപ്പിലും പദവിയിലും സ്ഥാനക്രമം നിലനിർത്തുന്നകാര്യം പരിഗണിക്കണം. വർഗ്ഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ അപ്രത്യക്ഷമാകുകയും താഴ്ന്ന വർഗ്ഗക്കാർ മധ്യവർഗ്ഗക്കാരുടെ അതേ നിലയിൽ ജീവിക്കുന്നുവെന്ന് ഭോഷ്ക്ക് പറയുകയും മധ്യവർഗ്ഗത്തിൽ പെട്ടവർ ഉന്നതവർഗ്ഗത്തിൽ പെട്ടവരുടെ നിലയിൽ ജീവിക്കുന്നവരാണെന്നു വീമ്പിളക്കുകയും ചെയ്താൽ, ഭരണാധികാരികളുടെ അന്തസ്സ് നഷ്ടപ്പെടും, രാജപദവിയുടെ അടിത്തറകൾ പൂർണ്ണമായി തകർന്നു തരിപ്പണമാവും”. [8]

സാമൂഹ്യബന്ധങ്ങളിൽ ജാതി അംഗീകരിക്കപ്പെട്ടിരുന്നുവെങ്കിലും പ്രാർത്ഥനയുടെയും ആരാധനയുടെയും ഘട്ടത്തിൽ, ജാതിവർഗ്ഗ വ്യത്യാസങ്ങൾ വിസ്മരിക്കപ്പെട്ടിരുന്നു എന്ന വസ്തുത രസാവഹമാണ്. പള്ളിയുടെ നാലു ചുമരുകൾക്കുള്ളിൽ മാത്രമാണ് മുസ്ലീം സാഹോദര്യമെന്ന ആദർശം നിലനിർത്തപ്പെട്ടു പോന്നത്. ദരിദ്രരും പണക്കാരും അടുത്തടുത്തിരുന്നു മുട്ടുകുത്തി പ്രാർത്ഥനകൾ നടത്തും; പള്ളിയുടെ പുറത്തുകടന്നാൽ അവർ വീണ്ടും അജ്ലഫുകളും ഷരീഫുകളുമാവും!

രണ്ടു വ്യത്യസ്തമതങ്ങളിൽ പെട്ട ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും അവരുടേതായ വ്യത്യസ്തവശങ്ങളുണ്ടായിരുന്നു എന്നതു ശരിയാണ്. താരാചന്ദ് തന്നെ ചൂണ്ടിക്കാട്ടിയപോലെ “വിഭാഗീയബോധം വളരുകയും പ്രാദേശികമായ ഘടകം രണ്ടിലും മുന്നിട്ടു നിൽക്കുകയും ചെയ്തതിനാൽ രണ്ടു ജനവിഭാഗങ്ങളും തമ്മിൽ ഇണങ്ങി പരസ്പരം കൂടിച്ചേർന്നു ലയിക്കുകയുണ്ടായില്ല”. [9] ഈ അർത്ഥത്തിൽ താഴ്ന്ന ജാതിയിൽപ്പെട്ട ഹിന്ദു താഴ്ന്ന ജാതിയിൽ പെട്ട അജ്ലഫിൽ നിന്ന് വ്യത്യസ്തനായിരുന്നില്ല. എന്നാൽ, ചില ആധുനിക ഗ്രന്ഥകാരന്മാർ ചൂണ്ടിക്കാണിച്ചതുപോലെ, അവർ വ്യത്യസ്തദേശീയ ജനവിഭാഗങ്ങളായിരുന്നില്ല. അവർ തമ്മിൽ വർണ്ണപരമോ വംശീയമോ ആയ യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. രണ്ടു മതവിഭാഗങ്ങളിലും പെട്ട കർഷകത്തൊഴിലാളികളും കൂലിവേലക്കാരും മറ്റും യഥാർത്ഥത്തിൽ ഒരേ വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു—ഹിന്ദുപ്രഭുക്കളും മുസ്ലീം പ്രഭുക്കളും ഒരേ വർഗ്ഗത്തിൽ പെട്ടവരായിരുന്നതുപോലെ.

---

8. Wm. Theodore de Bary (Ed.) Sources of Indian Tradition. PP. 517–18.
9. Tarachand quoted by H. Kabir: Abul Kalam Azad, P. 238.

## 7 മുസ്ലീം നാട്ടുവാഴിത്തം

ജനങ്ങൾക്കിടയിലുള്ള തങ്ങളുടെ സ്വന്തം സ്വാധീനശക്തി വർദ്ധിപ്പിക്കാൻ വേണ്ടിയാണ് പുതിയ മുസ്ലീം ഭരണാധികാരികൾ ഹിന്ദുക്കളെ ഇസ്ലാംമതത്തിലേക്കു പരിവർത്തനം ചെയ്യാൻ പ്രോത്സാഹിപ്പിച്ചത്. അവർ ചില മുസ്ലീങ്ങൾക്കു ചില പ്രത്യേകാവകാശങ്ങൾ അനുവദിച്ചു. സൈന്യത്തിലും ഭരണകൂടത്തിലുമുള്ള മുഖ്യമായ ഉദ്യോഗങ്ങളെല്ലാം ആരംഭഘട്ടത്തിൽ മുസ്ലീങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. മുസ്ലീം പ്രഭുക്കൾക്ക് യുദ്ധമാടമ്പിമാർ, ഭരണവിദഗ്ധന്മാർ, ഉപദേശകന്മാർ എന്നീ നിലകളിൽ ഭരണകൂടത്തിൽ പ്രമുഖമായ ഒരു പങ്കുണ്ടായിരുന്നു. അങ്ങനെ മുസ്ലീം സമുദായത്തിലെ ഉന്നതതലത്തിൽപ്പെട്ട ഒരു കൊച്ചുന്യൂനപക്ഷം ശക്തിയുടെയും ഐശ്വര്യത്തിന്റെയും സ്ഥാനങ്ങളിലേക്കുയർന്നു.

ഇതിന്റെ അർത്ഥം ഹിന്ദുമതത്തിൽപ്പെട്ട നാട്ടുവാഴികൾ നിഷ്കാസിതരായി എന്നല്ല. മുസ്ലീം പ്രഭുക്കളുടെ ഒപ്പംതന്നെ ഹിന്ദുജമീന്ദാർമാരും വളർന്നു. ജനങ്ങളെ കീഴൊതുക്കി നിർത്തുന്നതിലും കർഷകരെ ചൂഷണം ചെയ്യുന്നതിലും മുസ്ലീം ഭരണാധികാരികൾ പലപ്പോഴും ഹിന്ദുക്കൾക്കിടയിലെ സമ്പന്ന വിഭാഗങ്ങളുമായി യോജിച്ചു പ്രവർത്തിച്ചു. വലിയ പ്രാധാന്യമില്ലാത്ത പല ഭരണതസ്തികകളും ഹിന്ദുപ്രമാണികൾക്കു നൽകപ്പെട്ടു. എങ്കിലും മുസ്ലീം പ്രഭുക്കൾക്ക് പൊതുവിൽ ഹിന്ദുനാട്ടുവാഴിപ്രഭുക്കളെ അപേക്ഷിച്ച് കൂടുതൽ മാന്യമായ സ്ഥാനമുണ്ടായിരുന്നു. അവർക്ക് സൽത്തനത്തിൽ നിന്ന് അഖ്ത എന്ന പേരിൽ സ്വന്തമായി കാർഷികോൽപ്പന്നങ്ങൾ വസൂലാക്കാനുള്ള അധികാരം ലഭിച്ചു. അഖ്ത ഭൂമികളുടെ കൈവശക്കാർക്ക് ഹിന്ദുജമീന്ദാർമാരേക്കാൾ ഉയർന്ന പദവിയുണ്ടായിരുന്നു. ആവശ്യമായ ഘട്ടങ്ങളിൽ പരമാധികാരികളെ സഹായിക്കാൻ ഒരു സ്ഥിരം സേനയെ വെച്ചുകൊണ്ടിരിക്കാൻ ബാദ്ധ്യതയുണ്ടായിരുന്നു എന്നതാണ് ഇതിനു കാരണം. സൈന്യത്തിന്റെ ശക്തി അഖ്തദാറിന്റെ സൈനികപദവിയെ ആശ്രയിച്ചാണ് നിലകൊണ്ടിരുന്നത്. അഖ്തദാർ തന്റെ വരുമാനത്തിന്റെ ഒരു ഭാഗം പട്ടാളക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനു വേണ്ടി ചെലവാക്കിയിരുന്നു.

ആദ്യം ഭൂമികൾ ഏതാനും കൊല്ലങ്ങൾ മാത്രം കൈവശം വെക്കാനാണ് അനുവദിക്കപ്പെട്ടിരുന്നത്. ചിലപ്പോൾ ആയുഷ്ക്കാലത്തേക്കു മുഴുവനായി ഭൂമി അനുവദിച്ചുകൊടുക്കുകയും പതിവായിരുന്നു. എന്നാൽ, കാലക്രമേണ ഭൂമിയുടെ കൈവശാവകാശം പരമ്പരാഗതമായിത്തീർന്നു. പതിനാലാം നൂറ്റാണ്ടായപ്പോഴേക്കും അഖ്താഭൂമി കൈവശക്കാർ സമുദായത്തിൽ ഒരു വലിയ ശക്തിയായിത്തീർന്നു. സൽത്തത്ത് സ്റ്റേറ്റിനോട് കൂറുള്ള പ്രമുഖരായ മതപുരോഹിതന്മാർക്കും ഭൂമികൾ നൽകി. അവരും ശക്തരായ നാട്ടുവാഴി പ്രഭുക്കളായിത്തീർന്നു. ഇതിനുപുറമെ വഖഫ് എന്ന പേരിലുള്ള മതപരമായ ഭൂദാനങ്ങളുമുണ്ടായിരുന്നു. വഖഫിൽ നിന്നുള്ള വരുമാനം പള്ളികളും മദ്രസകളും (സ്കൂളുകൾ) നടത്തുന്നതിനും ജലസേചനത്തിനും വേണ്ടിയായിരുന്നു ഉപയോഗിച്ചിരുന്നത്. അങ്ങനെ സൽത്തത്തിന്റെ കീഴിൽ ഗണ്യമായ ഭൂഭാഗങ്ങളും മറ്റു സമ്പത്തുകളും മുസ്ലീം നാട്ടുവാഴി പ്രഭുക്കളുടെയും മതനേതാക്കന്മാരുടെയും സൈനിക നേതാക്കന്മാരുടെയും കൈകളിലേക്ക് നീങ്ങി.

സുൽത്താൻ പരമാധികാരിയായ സൈനിക കമാണ്ടർ മാത്രമായിരുന്നില്ല. അദ്ദേഹം സ്വയം ഒരു നാട്ടുവാഴി പ്രഭു കൂടിയായിരുന്നു. ഖാസ് അഥവാ ഖാലിസാഭൂമികൾ (രാജകീയ ഭൂമികൾ) എന്നറിയപ്പെടുന്ന ധാരാളം ഭൂസ്വത്തുക്കൾ അദ്ദേഹത്തിന്റെ സ്വന്തം ഉടമാവകാശത്തിലായിരുന്നു.

രാജാവിന്റെയും സ്വകാര്യ നാട്ടുവാഴികളുടെയും സ്വകാര്യ ഭൂമികൾക്ക് പുറമെ സമുദായത്തിന്റെ പൊതുസ്വത്തായ ഭൂമികളുമുണ്ടായിരുന്നു. പ്രാദേശിക ഗ്രാമഭരണകൂടത്തിലെ ഹിന്ദുക്കളായ പ്രമാണികളെയും കണക്കെഴുത്തുകാരെയും പുതിയ ഭരണാധികാരികൾ അപ്പാടെ നിലനിർത്തി; ഭരണകൂടത്തിന്റെ ഘടനയിൽ വന്ന മാറ്റങ്ങളും അവിരാമമായി തുടർന്നുകൊണ്ടിരുന്ന വെട്ടിപ്പിടിക്കൽ യുദ്ധങ്ങളും ഈ പഴയ സമ്പ്രദായത്തിൽ പറയത്തക്ക മാറ്റങ്ങളൊന്നും വരുത്തിയില്ല.

ജനങ്ങളുടെ ജീവിതരീതി ഏറെക്കുറെ പഴയ മട്ടിൽ തന്നെ തുടർന്നുപോന്നു. എങ്കിലും ആക്രമണകാരികളുടെ കൈകളിൽ പഴയ ഗ്രാമഭരണവ്യവസ്ഥ കർഷകരെ ചൂഷണം ചെയ്യുന്നതിനുള്ള ഒരുപകരണമായി മാറി. നികുതിയടയ്ക്കൽ ഗ്രാമത്തിന്റെ കൂട്ടായ ഉത്തരവാദിത്വമായിരുന്നു. എന്നാൽ, നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, നാട്ടുവാഴിത്തം ഗ്രാമഭരണ വ്യവസ്ഥയ്ക്കുള്ളിൽ സാമൂഹ്യ–സാമ്പത്തികാസമത്വങ്ങൾക്കു വളമിടുകയും അവയ്ക്ക് പരിപാവനത കൽപ്പിക്കുകയും ചെയ്തു. അങ്ങനെ ഉയർന്നവരും താഴ്ന്നവരും തമ്മിലുള്ള വ്യത്യാസങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഗ്രാമഘടന കൂടുതൽ കൂടുതൽ സമൂഹത്തിലെ സമ്പന്നരായ ഉയർന്ന വിഭാഗത്തിന്റെ നിയന്ത്രണത്തിലായിത്തീർന്നു. കർഷകജനത കൂടുതൽ കൂടുതൽ ദരിദ്രരായിത്തീരുകയും ചെയ്തു.

## 8 സുൽത്താൻ വാഴ്ചയിലെ അന്തഃഛിദ്രങ്ങൾ

സൽതനത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ ഭൂനികുതി, ഖാസ്ഭൂമികളിൽ നിന്നുള്ള വരുമാനം, അഖ്താഭൂമികളിൽ നിന്നുള്ള ഉൽപ്പാദനത്തിന്റെ ഒരു പങ്ക്, യുദ്ധങ്ങളിൽ ശത്രുക്കളിൽ നിന്നും പിടിച്ചെടുക്കുന്ന വസ്തുക്കൾ, ഭവനനികുതി, ജലനികുതി തുടങ്ങിയവയായിരുന്നു. സുൽത്താന്മാർ അവിശ്വാസികളുടെമേൽ ഒരു പ്രത്യേകനികുതി (ജസിയ)യും ചുമത്തി. ഇത് ആരംഭത്തിൽ അമുസ്ലിങ്ങളുടെ മേൽ “അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും സൈനികസേവനത്തിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനും വേണ്ടി” ചുമത്തപ്പെട്ട ഒരു പ്രത്യേകനികുതിയായിരുന്നു. എന്നാൽ, കാലക്രമേണ അത് എല്ലാ ഹിന്ദുക്കളുടെ മേലും ചുമത്തപ്പെട്ട ഒരു മതനികുതിയായിത്തീർന്നു. ഈ നികുതികളുടെ ഭാരം പേറേണ്ടിവന്നത് അദ്ധ്വാനിക്കുന്ന പാവപ്പെട്ട കർഷകരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഇത് സ്വാഭാവികമായും അവർക്കിടയിൽ കലാപത്തിന്റെ ഒരു തീപ്പൊരിയായിത്തീർന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ലോഡിവംശത്തിന്റെ ഭരണകാലത്ത് ഒട്ടേറെ ഗ്രാമീണർ നികുതി പിരിക്കാൻ നിയുക്തരായ അഫ്ഘാൻകാർക്കെതിരായി ലഹളയ്ക്കു മുതിർന്നതിനെത്തുടർന്ന് സ്ഥിതി വഷളായിത്തീർന്നു. എന്നാൽ, ഈ കലാപങ്ങൾ ക്രൂരമായി അടിച്ചമർത്തപ്പെടുകയാണുണ്ടായത്.

നാട്ടുവാഴി പ്രഭുക്കൾക്കിടയിലുണ്ടായ കിടമത്സരങ്ങളും സംഘർഷങ്ങളും, ചെറുകിടക്കാരായ ഭൂപ്രഭുക്കളുടെ കലാപങ്ങൾ, കർഷകർക്കിടയിൽ വർദ്ധിച്ചുവന്ന അസംതൃപ്തി മുതലായവയെല്ലാം കൂടിച്ചേർന്ന് അവസാനം സൽതനത്തിന്റെ അധികാരശക്തിയെ വളരെയധികം ദുർബലമാക്കിത്തീർത്തു. ബംഗാൾ ദൽഹിയിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഏതാണ്ട് പതിനാലാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഷംസുദ്ദീൻ ഇലിയാസ് ഷാ ബംഗാൾ സംസ്ഥാനത്തിന്റെ നിയന്ത്രണം കൈയടക്കി. അതിനേത്തുടർന്ന് മറ്റ് ആശ്രിതരും സൽതനത്തിനോടുള്ള കൂറ് ഉപേക്ഷിച്ച് സ്വതന്ത്രരായിത്തീർന്നു. പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വടക്കെ ഇന്ത്യയിൽ, ബംഗാൾ, ജോൺപൂർ, മാൾവ, ബിഹാർ, കാശ്മീർ, സിന്ധ്, മുൾത്താൻ, ഗുജറാത്ത് എന്നിങ്ങനെ ഒട്ടേറെ കൊച്ചുനാട്ടുവാഴിത്ത ഭരണകൂടങ്ങൾ ഉടലെടുത്തു. ദൽഹി സൽതനത്തിന്റെ നാശാവശിഷ്ടങ്ങളിൽ നിന്ന് ഉയർന്നുവന്ന ഡെക്കാണിലെ ബാഹ്മനിരാജ്യം വിപുലവും ശക്തവുമായിരുന്നു. എന്നാൽ, ബാഹ്മനി സുൽത്താന്മാരുടെ അതിർകവിഞ്ഞതും താന്തോന്നിത്തപരവുമായ നയങ്ങളും കൊട്ടാരത്തിലെ ഉപജാപങ്ങളും ജനങ്ങൾക്കിടയിലുള്ള അസംതൃപ്തിയും കൂടി പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അതിന്റെ തകർച്ചയ്ക്ക് വഴിതെളിച്ചു. ബ്രാഹ്മനിസാമ്രാജ്യത്തിന്റെ അങ്ങുമിങ്ങുമുള്ള അവശിഷ്ടങ്ങളിൽ നിന്ന് ബേറാർ, അഹമ്മദ്നഗർ, ബീജാപൂർ, ഗോൽക്കൊണ്ട, ബിഹാർ എന്നീ സ്വതന്ത്രരാജ്യങ്ങൾ ഉടലെടുത്തു. വിവിധ സുൽത്താന്മാർക്കിടയിലുണ്ടായ ഭിന്നിപ്പുകളും വഴക്കുകളും വിജയനഗര സാമ്രാജ്യത്തിന്റെ വളർച്ചയ്ക്ക് വഴിതെളിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ഏറ്റവും ശക്തമായ സാമ്രാജ്യമായിരുന്നു അത്. സുപ്രസിദ്ധമായ വിജയനഗരമായിരുന്നു തലസ്ഥാനം. 1420-ൽ വിജയനഗരം സന്ദർശിച്ച ഇറ്റാലിയൻ സഞ്ചാരി നിക്കളോ കോന്തി ഇങ്ങനെ രേഖപ്പെടുത്തി: “ഈ നഗരത്തിൽ ആയുധം ധരിക്കാൻ പറ്റിയ തൊണ്ണൂറായിരം ആളുകളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. അവരുടെ രാജാവ് ഇന്ത്യയിലെ മറ്റ് എല്ലാ രാജാക്കന്മാരെക്കാളും പ്രബലനാണ്”. [10] എന്നാൽ, ഒരു നൂറ്റാണ്ടിനകം ഈ സാമ്രാജ്യവും നാശത്തിന്റെ വക്കത്തെത്തി. ബിജാപൂർ, അഹമ്മദ്നഗർ, ബിദാർ, ഗോൽക്കൊണ്ട എന്നിവയുടെ സംയുക്താക്രമണത്തെ നേരിടാൻ വിജയനഗരത്തിന്റെ സൈന്യങ്ങൾക്കു സാധിച്ചില്ല. 1565ലെ പരാജയത്തെത്തുടർന്ന് വിജയനഗരസാമ്രാജ്യം അതിവേഗം ഛിന്നഭിന്നമായി. അതിന്റെ അവശിഷ്ടങ്ങളിൽ നിന്ന് തെക്കേ ഇന്ത്യയിൽ ഒട്ടേറെ സ്വതന്ത്രരാജ്യങ്ങൾ ഉയർന്നുവന്നു.

---

10. Quoted by Robert Swell: A Forgotten Empire, PP. 80, 82.

# 9 മുഗൾഭരണത്തിന്റെ തുടക്കം

ഇതിനിടയിൽ തിമൂറിന്റെ ഒരു പിൻഗാമിയും കാബൂളിലെ ഭരണാധികാരിയുമായ ബാബർ മധ്യേഷ്യയിൽ വെച്ച് സംഘടിപ്പിച്ച സൈന്യവുമായി വന്ന് വടക്കെ ഇന്ത്യയെ ആക്രമിച്ചു. അദ്ദേഹത്തിന് ദൽഹിയിലെ അവസാനത്തെ സുൽത്താനായ ഇബ്രാഹിം ലോദിയുടെയും, മേവാറിലെ റാണാ സംഗ്രാംസിങ്ങിന്റെയും ധീരമായ പ്രതിരോധം നേരിടേണ്ടിവന്നു. എന്നാൽ, 1526ലെ ചരിത്രപ്രസിദ്ധമായ പാനിപ്പത്ത് യുദ്ധത്തിൽ ബാബർ ഇബ്രാഹിം ലോദിയെ തോൽപ്പിച്ച് ദൽഹി പിടിച്ചടക്കി മുഗൾവംശം സ്ഥാപിച്ചു. അദ്ദേഹം തന്റെ സ്വാധീനം വടക്കെ ഇന്ത്യയുടെ ഭൂരിഭാഗത്തേക്കും അതിവേഗം വ്യാപിപ്പിച്ചു. കൊച്ചുരാജ്യങ്ങളെ ബലംകൊണ്ടും തന്ത്രം കൊണ്ടും അടിമപ്പെടുത്തിക്കൊണ്ട് അദ്ദേഹം വിപുലമായ ഒരു സാമ്രാജ്യത്തിന് അടിത്തറയിട്ടു. ഇങ്ങനെയാണ് ഇന്ത്യാചരിത്രത്തിലെ ഏറ്റവും ശക്തിമത്തും ഏറ്റവും വലുതുമായ നാട്ടുവാഴിത്തസാമ്രാജ്യം സ്ഥാപിക്കപ്പെട്ടത്. രണ്ടു നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഈ മുഗൾസാമ്രാജ്യം ഇന്ത്യയുടെ സംസ്കാരത്തിലും നാഗരികതയിലും മായ്ക്കാനാവാത്ത മുദ്ര പതിപ്പിച്ചു.

മുഗൾസാമ്രാജ്യം യശസ്സിന്റെ പാരമ്യത്തിലെത്തിയത് ബാബറിന്റെ പൗത്രനായ അക്ബറുടെ (1556–1605) ഭരണകാലത്താണ്. അക്ബർ തന്റെ സാമ്രാജ്യത്തെ കേന്ദ്രീകൃതമായ ഒരു ഭരണകൂടത്തിൻകീഴിൽ കൊണ്ടുവരികയും പരസ്പരം മത്സരിച്ചുകൊണ്ടിരുന്ന കൊച്ചുരാജ്യങ്ങളുടെ സംവിധാനത്തിന് അന്ത്യം കുറിക്കുകയും ചെയ്തു. അദ്ദേഹം തന്റെ സാമ്രാജ്യത്തെ ഒട്ടേറെ സംസ്ഥാനങ്ങളായി വിഭജിക്കുകയും അവ ഭരിക്കാൻ തന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വൈസ്റോയിമാരെ നിയമിക്കുകയും ചെയ്തു. ഹിന്ദുക്കളുമായുള്ള അക്ബറുടെ ബന്ധങ്ങൾ സൗഹാർദ്ദപരങ്ങളായിരുന്നു. അവരോടുള്ള സൗമനസ്യത്തിന്റെ സൂചനയായി അദ്ദേഹം തന്റെ മുൻഗാമികൾ ഹിന്ദുക്കളുടെ മേൽ ചുമത്തിയിരുന്ന ജസിയ എന്ന നികുതി എടുത്തുകളഞ്ഞു. ഭരണകൂടത്തിലും സൈന്യത്തിലും ഉയർന്ന സ്ഥാനങ്ങളിൽ അദ്ദേഹം ഹിന്ദുനാട്ടുവാഴി പ്രഭുക്കളെ നിയമിച്ചു. തന്റെ കൊട്ടാരത്തിൽ മുസ്ലീം പുണ്യപുരുഷന്മാരുടെയും പണ്ഡിതന്മാരുടെയും ഒപ്പം ഹിന്ദു പണ്ഡിതന്മാരും സ്ഥാനമലങ്കരിച്ചിരുന്നു. ഹിന്ദുക്കളുമായുള്ള തന്റെ ബന്ധം രജപുത്രഭരണാധികാരികളുമായുള്ള വിവാഹബന്ധം വഴി അദ്ദേഹം അരക്കിട്ടുറപ്പിച്ചു. അക്ബറിനു തന്നെ ഒരു രജപുത്രഭാര്യയുണ്ടായിരുന്നു.

## 10 ദൈവത്തിന്റെ നിഴൽ

മതഭ്രാന്തന്മാരായ ഉലെമാക്കളുടെ ഹിന്ദുവിരോധത്തിന്റെ അടിസ്ഥാനത്തിൽ സുശക്തവും കേന്ദ്രീകൃതവുമായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുക സാദ്ധ്യമല്ലെന്ന് ചക്രവർത്തിക്കറിയാമായിരുന്നു. ഉലെമാക്കൾ സങ്കുചിത മനസ്കരും യുക്ത്യനുസൃതമല്ലാതെ പ്രവർത്തിക്കുന്നവരും മാത്രമല്ല, ദുരാഗ്രഹികളും അധികാരദുർമോഹികളും അഴിമതിക്കാരും പരസ്പരാസൂയയുള്ളം കൊട്ടാരത്തിലെ ഉപജാപങ്ങൾക്കും അരു നിൽക്കുന്നവരും ആയിത്തീർന്നു കഴിഞ്ഞിരുന്നു. അവരുടെ ശക്തി തടയാനായി അക്ബർ മതകാര്യത്തിൽ ഉദാരവീക്ഷണമുള്ള മുസ്ലീങ്ങളുടെയും ഹിന്ദുക്കളുടെയും പിന്തുണയോടുകൂടി തന്റെ ഭരണകൂടത്തെ മതനിരപേക്ഷവും ജനകീയവുമായ അടിസ്ഥാനത്തിൽ ശക്തിപ്പെടുത്താൻ ശ്രമിച്ചു. ഈ പ്രവർത്തനത്തിൽ അദ്ദേഹത്തെ സ്വാധീനിച്ചതും അദ്ദേഹത്തിന് പ്രോത്സാഹനം നൽകിയതും അബുൽ ഫസലും ഫസലിന്റെ സഹോദരൻ ഫൈസിയുമാണ്. ഫൈസി അദ്ദേഹത്തെ പ്രശംസയോടെ വിവക്ഷിച്ചിട്ടുള്ളത് “ദൈവത്തിന്റെ നിഴൽ” എന്നാണ്. അയിനീ അക്ബറിൽ അബുൽ ഫസൽ ഇപ്രകാരം എഴുതി:

> “രാജാവ് മതപരമായ എല്ലാ അഭിപ്രായ ഭിന്നതകൾക്കും ഉപരിയായിരിക്കണം. തനിക്ക് ഓരോ വർഗ്ഗത്തോടും ഓരോ സാമൂഹ്യവിഭാഗത്തോടുമുള്ള ചുമതല നിർവഹിക്കുന്ന മാർഗ്ഗത്തിൽ മതപരമായ പരിഗണനകൾ തടസ്സമാവാതെ നോക്കേണ്ടതാണ്. അദ്ദേഹത്തിന്റെ വിപുലമായ സംരക്ഷണത്തിൽ ഓരോരുത്തരും സമാധാനവും ആനന്ദവും കണ്ടെത്തണം. അങ്ങനെ ദൈവത്തിന്റെ നിഴൽ നൽകുന്ന ഗുണങ്ങൾ സനാതനമായിരിക്കട്ടെ”.

അക്ബർ തന്നെ പേർസ്യയിലെ ഭരണാധികാരിയായിരുന്ന ഷാ അബ്ബാസിന് എഴുതിയ കത്തുകളിലൊന്നിൽ ഇങ്ങനെ കാണുന്നു:

> “വിവിധ മതസമുദായങ്ങൾ ദൈവം നമ്മെ ഏൽപ്പിച്ച ദിവ്യനിധികളാണ്. നാം അങ്ങനെ തന്നെ അവയെ സ്നേഹിക്കണം. ഓരോ മതവും ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചിട്ടുള്ളതാണെന്ന് നാം ഉറച്ച് വിശ്വസിക്കണം. സനാതന സൗഹൃദത്തിന്റെ ഹരിതാഭമായ പൂങ്കാവനത്തിലെ ആനന്ദം അനുഭവിക്കാനായിരിക്കണം നമ്മുടെ ആത്മാർത്ഥമായ പരിശ്രമം. എല്ലാ മനുഷ്യരുടെ മേലും ഒരു പോലെ തന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്ന ദൈവത്തിന്റെ നിഴലുകളായ രാജാക്കന്മാർ ഈ തത്വം ഒരിക്കലും ഉപേക്ഷിക്കരുത്”.

ഉലെമാക്കളുടെ അന്ധവിശ്വാസജഡിലമായ യാഥാസ്ഥിതികത്വത്തെ തടയുന്നതിനായി അക്ബർ ഇസ്ലാം, ഹിന്ദുമതം, ക്രിസ്തുമതം മുതലായ മതങ്ങളെക്കുറിച്ചുള്ള താരതമ്യപഠനം പ്രോത്സാഹിപ്പിച്ചു. സഹിഷ്ണുത, സാഹോദര്യം, വിശ്വാസസ്വാതന്ത്ര്യം എന്നിവ അദ്ദേഹത്തിന്റെ പ്രഖ്യാപിത നയങ്ങളായിരുന്നു. സൂഫിമാർ, പണ്ഡിതന്മാർ, വിവിധ മതങ്ങളിലെ ചിന്തകന്മാർ എന്നിവരെ അദ്ദേഹം ഫത്തേഹ്പൂർ സിക്രിയിലുള്ള തന്റെ പ്രാർത്ഥനാമന്ദിരത്തിലേക്ക് ക്ഷണിക്കുകയും ദാർശനിക ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു. ഉലെമാക്കൾ ഈ പ്രവർത്തനങ്ങളിൽ വെറുപ്പ് പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം താനാണ് “ഇമാം ആദിൽ” (മുസ്ലീങ്ങളുടെ മതത്തലവൻ) എന്ന പ്രഖ്യാപിച്ചു. ദീൻ ഇലാഹി എന്ന ഒരു പുതിയ മതം സ്ഥാപിക്കാൻ കൂടി അദ്ദേഹം ശ്രമിച്ചു. എന്നാൽ, യാഥാസ്ഥിതിക മുസ്ലീങ്ങളുടെ ഉറച്ച എതിർപ്പുകൾ കാരണം അതിൽ അദ്ദേഹം വിജയിക്കുകയുണ്ടായില്ല.

## 11 ശിഥിലീകരണത്തിന്റെ ആരംഭം

അക്ബർ 1605-ൽ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ സലിം ലോകത്തിന്റെ നേതാവ് എന്നർത്ഥമുള്ള ജഹാംഗീർ എന്ന പേർ സ്വീകരിച്ചുകൊണ്ട് സിംഹാസനാരോഹണം ചെയ്തു. മദ്യപാനത്തിനും മറ്റു സുഖഭോഗങ്ങൾക്കും അടിമപ്പെട്ട ദുർബലനായ ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം. 1627-ൽ അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ ഷാജഹാൻ സമ്രാട്ടായി (1627–1658). ജഹാംഗീറിനെപ്പോലെ ഷാജഹാനും മുഗൾസാമ്രാജ്യത്തെ തെക്കോട്ടേക്ക് വ്യാപിപ്പിക്കാൻ ഇടവിടാതെ ശ്രമം നടത്തുകയുണ്ടായി.

എന്നാൽ, ഈ സമയമായപ്പോഴേക്ക് മുഗൾഭരണത്തിന്റെ ശിഥിലീകരണത്തിന്റെ ആദ്യത്തെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. നിഷ്കരുണമായ ചൂഷണം കർഷകരെ പാപ്പരാക്കിത്തീർത്തു. ക്ഷാമവും പകർച്ചവ്യാധികളും ഡെക്കാൺ, ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളെ വലച്ചുകളഞ്ഞു. മുഗൾസാമ്രാജ്യത്തെപ്പറ്റി ജനങ്ങൾക്കുണ്ടായിരുന്ന മതിപ്പും പ്രതീക്ഷയും അവസാനിക്കാൻ തുടങ്ങി. ഷാജഹാന്റെ പുത്രൻ ഔറംഗസേബിന്റെ ദീർഘകാലത്തെ ഭരണകാലത്ത് ജനങ്ങളുടെ അസംതൃപ്തി പതിന്മടങ്ങു വർദ്ധിച്ചു. ഔറംഗസേബിന്റെ യുക്തിഹീനമായ മതനയവും അസഹിഷ്ണുതയും അക്ബറിന്റെ പ്രബുദ്ധമായ മതനിരപേക്ഷതയുടെ ആദർശനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. കലാപങ്ങൾക്കു കളമൊരുക്കാനും ഹിന്ദുരാജാക്കന്മാരുടെ എതിർപ്പുകളെ ശക്തിപ്പെടുത്താനും മാത്രമേ അതു സഹായിച്ചുള്ളൂ. ശിവാജിയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രക്കാർ മുഗൾമേധാവിത്വത്തിൽ നിന്ന് മോചനം നേടാൻ സമരം തുടങ്ങി. പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തിൽ അവർ പ്രബലമായ ഒരു സ്വതന്ത്രരാഷ്ട്രം കെട്ടിപ്പടുത്തു. രാജസ്ഥാൻ തുടങ്ങിയ മറ്റു പ്രദേശങ്ങളിലും അസ്വസ്ഥതകളുണ്ടായി. മുഗൾസാമ്രാജ്യത്വം തകർച്ചയുടെ വക്കത്തെത്തി.

ചരിത്രപരമായി നോക്കിയാൽ മുഗളന്മാരാണ് ഇന്ത്യക്ക് ആദ്യമായി ഏകീകൃതവും കേന്ദ്രീകൃതവുമായ ഒരു ഭരണകൂടം നൽകിയത്. പ്രത്യേകിച്ചും അക്ബർ, ജഹാംഗീർ, ഷാജഹാൻ, ഔറംഗസേബ് എന്നിവരുടെ ഭരണകാലത്ത് ഇന്ത്യയുടെ മിക്ക ഭാഗങ്ങളും ഒരൊറ്റ കേന്ദ്രീകൃതഭരണത്തിൻ കീഴിലായി. വിശാലമായ മുഗൾസാമ്രാജ്യത്തിനുള്ളിൽ ഒട്ടേറെ ഹിന്ദുരാജാക്കന്മാരും മുസ്ലീം രാജാക്കന്മാരും ചക്രവർത്തിയുടെ ആധിപത്യമംഗീകരിച്ചുകൊണ്ട് ഒരു തരം സ്വയംഭരണം നിലനിർത്തുന്നുണ്ടായിരുന്നു. മുഗൾസാമ്രാജ്യം ദുർബലമായപ്പോൾ അവരിൽ പലരും കേന്ദ്രത്തിലെ അധികാരികൾക്കെതിരായി വീണ്ടും വീണ്ടും കലാപങ്ങൾ നടത്താൻ തുടങ്ങി.

ഔറംഗസേബിനു ശേഷം വന്ന മുഹമ്മദ്ഷാ, അഹമ്മദ്ഷാ, ആലംഗീർ രണ്ടാമൻ, ഷാ ആലം രണ്ടാമൻ, അക്ബർ രണ്ടാമൻ, ബഹദൂർഷാ എന്നിവർ നാമമാത്രസമ്രാട്ടുകളായിരുന്നു. സാമ്രാജ്യത്തിന്റെ അതിർത്തികൾ അതിവേഗം ചുരുങ്ങിച്ചുരുങ്ങി വന്നു. കീഴ്ക്കോയ്മക്കാരായ രാജാക്കന്മാരും സുൽത്താന്മാരും മാത്രമല്ല, അത്ര തന്നെ പ്രമുഖരല്ലാത്ത നാടുവാഴികളും ഗവർണർമാരും അധികാരത്തിനുവേണ്ടി കടുത്ത പോരാട്ടങ്ങളിലേർപ്പെട്ടു. അങ്ങനെ സംഘട്ടനങ്ങളുടെയും മത്സരങ്ങളുടെയും ഒരു പുതിയ കാലഘട്ടത്തിന്റെ ആരംഭം കുറിക്കപ്പെട്ടു. ഈ സംഭവവികാസങ്ങളും വർദ്ധിച്ചുവന്ന നാടുവാഴിത്ത ചൂഷണവും സാമ്രാജ്യത്തിന്റെ സമ്പൽഘടനയെയാകെ താറുമാറാക്കി. നികുതികളുടെയും മറ്റു പിരിവുകളുടെയും ഭാരം ദുസ്സഹമായിരുന്നു. ഭൂനികുതി ഉൽപ്പന്നങ്ങളുടെ 50 മുതൽ 75 ശതമാനം വരെയായിരുന്നു. കൃഷിക്കാരുടെയും കൈത്തൊഴിലുകാരുടെയും ജീവിതരീതി അധികമധികം അധഃപതിച്ചു. സൽതന്തത്തിന്റെ അവസാനകാലത്ത്, 1468-ൽ, റഷ്യൻ സഞ്ചാരി അഫനിസി നികിതിൻ ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി: “രാജ്യം ജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു; എന്നാൽ അവരുടെ സ്ഥിതി ദയനീയമാണ്. അതേ സമയത്ത് പ്രഭുക്കൾ വളരെയധികം സമ്പന്നരും ആഡംബര പ്രിയരുമാണ്”. തെക്കേ ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. “തെക്കെ ഇന്ത്യയിലെ കൃഷിക്കാരെ പ്രഭുക്കന്മാർ നിർദ്ദയമായി മർദ്ദിച്ചമർത്തുന്നു”വെന്നും “ജനങ്ങൾ കനത്ത ദാരിദ്ര്യത്തിലും ദുഃഖത്തിലും കഴിയുകയാണെ”ന്നും സെവെൽ അഭിപ്രായപ്പെടുന്നു. [11] മുഗൾഭരണത്തിന്റെ അവസാനമായപ്പോഴേക്കും സ്ഥിതിഗതികൾ കൂടുതൽ വഷളായിത്തീർന്നു. പതിനേഴാം നൂറ്റാണ്ടിൽ മുഗൾ ഇന്ത്യയിൽ പൊട്ടിപ്പുറപ്പെട്ട ഒട്ടേറെ ക്ഷാമങ്ങളെപ്പറ്റി മോർലാൻഡ് സൂചിപ്പിക്കുന്നുണ്ട്. [12] സാമ്പത്തികമായ കുഴപ്പങ്ങളും സാമൂഹ്യാസംതൃപ്തിയും വിദേശീയാക്രമണങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചുകൊടുത്തു. പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടി മുഗൾസാമ്രാജ്യം ഫലത്തിൽ ഇല്ലാതായി; പേരിനു മാത്രം മറ്റൊരു നൂറ്റാണ്ടുകൂടി ഇഴഞ്ഞുനീങ്ങിയെങ്കിലും.

---

11. Sewell: A Forgotten Empire, PP. 280–281.
12. Moreland: Akbar to Aurangazeb, PP. 204–19.

## 12 മുഗൾഭരണത്തിന്റെ അന്ത്യം

മുഗൾഭരണകാലഘട്ടം പൊതുവേ ഇന്ത്യാചരിത്രത്തിൽ മധ്യയുഗത്തിന്റെ അവസാനവും ആധുനികദശയുടെ ഉദയവും കുറിക്കുന്നു. പതിനാലാം നൂറ്റാണ്ടിനും പതിനേഴാം നൂറ്റാണ്ടിനുമിടയിൽ ഇന്ത്യയിലൊട്ടുക്കും ഒരു പുതിയ ചൈതന്യം അലയടിച്ചു. ഓരോ രംഗത്തും—സാമ്പത്തികസാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെല്ലാം—ഒരു പുതിയ മുന്നേറ്റമുണ്ടായി. നാടുവാഴിത്ത ബന്ധങ്ങൾ ബൂർഷ്വാബന്ധങ്ങൾക്കു വഴിമാറി കൊടുക്കുന്നതിന്റെ സൂചനകൾ പലേടത്തും കണ്ടുതുടങ്ങി. ഇന്ത്യയിൽ വിവിധ ഭാഷകളുടെ വളർച്ചയോടുകൂടി പുതിയ ദേശീയ ജനവിഭാഗങ്ങൾ ആവിർഭവിക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. ഈ മാറ്റങ്ങൾ ദാർശനികവും മതപരവുമായ മേഖലകളിലും അലയടിച്ചു. അവ നൂറ്റാണ്ടുകളായി നിലനിന്നുപോന്ന മയക്കത്തിൽ നിന്നും സ്തംഭനത്തിൽ നിന്നും ജനങ്ങളെ തട്ടിയുണർത്തി.

സ്വയം പര്യാപ്തമായ ഗ്രാമസമുദായം, അപ്പോഴും സാമൂഹ്യമായ ഉൽപാദനത്തിന്റെയും ഭരണത്തിന്റെയും അടിസ്ഥാനഘടകമായിരുന്നു. എന്നാൽ, ഭൂമി മുഴുവൻ ഗ്രാമസമുദായത്തിന്റെ പൊതുവായ ഉടമസ്ഥതയിലായിരുന്നുവെന്നോ, ഇന്ത്യയിൽ സ്വകാര്യഭൂവുടമാവകാശം നിലനിന്നിരുന്നില്ലെന്നോ, ഇതിനർത്ഥമില്ല. ഗ്രാമസമുദായം കാർഷികബന്ധങ്ങളുടെ രൂപങ്ങളിൽ ഒന്നു മാത്രമായിരുന്നു. അത് എല്ലാം ഉൾക്കൊള്ളുന്ന ഒരു സാർവത്രികസമ്പ്രദായമായിരുന്നില്ല. നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, കാർഷികരംഗത്തിൽ വിവിധതരത്തിലുള്ള ഉടമാവകാശങ്ങൾ, കാർഷികോൽപ്പന്നങ്ങളുടെ മേലുള്ള സ്വകാര്യ സ്വത്തുടമാവകാശം എന്നിവ അതിവേഗം വളരാൻ തുടങ്ങി. കൃഷി ചെയ്യാൻ പറ്റാത്ത ഭൂമികൾ, മേച്ചിൽസ്ഥലങ്ങൾ, വനങ്ങൾ എന്നിവയിൽ മാത്രമേ പൊതുവുടമാവകാശം നിലനിന്നുള്ളു. കൃഷിയോഗ്യമായ ഭൂമികളെല്ലാം സമ്പന്നകുടുംബങ്ങൾ കൈയടക്കിക്കഴിഞ്ഞിരുന്നു. ചില പ്രദേശങ്ങളിൽ ഭൂമിയുടെ മേൽ പേരിന് പൊതുവുടമാവകാശമായിരുന്നു. കൃഷി ചെയ്യാൻ വേണ്ടി മാത്രമായി ഭൂമി ഉയർന്ന ജാതിക്കാരായ കുടുംബങ്ങൾക്ക് പങ്കിട്ടു കൊടുക്കുകയായിരുന്നു പതിവ്. പരമ്പരാഗതമായ ഈ കൈവശാവകാശം ക്രമത്തിൽ സ്വകാര്യസ്വത്തുടമയായിത്തീർന്നു. കൈവശാവകാശക്കാർ മിക്കവരും നേരിട്ടു കൃഷി ചെയ്യുന്നവരായിരുന്നില്ല. പണിയെടുക്കാതെ കാർഷികോൽപ്പന്നങ്ങൾ സമ്പാദിക്കാനുള്ള ഒരു മാർഗ്ഗമായിരുന്നു ഇത്. പട്ടാളക്കാർക്കും ഉദ്യോഗസ്ഥന്മാർക്കും പുരോഹിതന്മാർക്കും ദാനമായി കിട്ടിയ ഭൂമികൾ സ്വകാര്യസ്വത്തുക്കൾ വർദ്ധിപ്പിക്കാൻ മാത്രമല്ല സ്ഥാനമാനങ്ങളും പദവികളും നിലനിർത്താനും സഹായിച്ചു. കൃഷിക്കാരുടെ അസംതൃപ്തികൾക്കും കലാപങ്ങൾക്കും പ്രചോദനം നൽകിയ സങ്കീർണ്ണമായ ഈ നാടുവാഴിത്ത സാമൂഹ്യവ്യവസ്ഥക്കുള്ളിലാണ് പതിനാലും പതിനേഴും നൂറ്റാണ്ടുകൾക്കിടയിൽ മുതലാളിത്തോൽപ്പാദനരീതിയുടെ അംശങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. ചരക്കുൽപാദനവും കൈമാറ്റ വ്യവസ്ഥയും നാടുവാഴിത്തത്തിന്റെ അടിത്തറ ഇളക്കാൻ തുടങ്ങി. കൈവേലക്കാർ, നാട്ടുപണിക്കാർ, നൂൽനൂൽപ്പുകാർ, നെയ്ത്തുകാർ, ആശാരിമാർ, കൊല്ലന്മാർ, ആട്ടുകാർ തുടങ്ങിയവർ കൂടുതൽ കൂടുതൽ ചൂഷണം ചെയ്യപ്പെടാൻ തുടങ്ങി. അവരുടെയിടയിൽ ഒരു പുതിയ ഉൽബുദ്ധത അലയടിച്ചു.

എന്നാൽ, യൂറോപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ ചരക്കുകളുടെ ഉൽപാദനത്തിലും മുതലാളിത്തരീതിയിലുള്ള വിനിമയങ്ങളിലും ഇന്ത്യ പിന്നണിയിലായിരുന്നു. ഇന്ത്യൻ സമൂഹത്തിലെ ജാതിവ്യവസ്ഥ തുടങ്ങിയ ചരിത്രപരമായ പ്രത്യേകതകൾ ഉൽപാദനവ്യവസ്ഥയുടെ പുരോഗതിയെ കൂടുതൽ കൂടുതൽ തടസ്സപ്പെടുത്താൻ തുടങ്ങി. നാടുവാഴിത്ത ചൂഷണത്തിന്റെ കാഠിന്യം, രാഷ്ട്രീയ കേന്ദ്രീകരണത്തിന്റെ ദൗർബല്യം, ഒരു പൊതുദേശീയ ഭാഷയുടെ അഭാവം, അയവില്ലാത്ത ജാതിസമ്പ്രദായം എന്നിവയും മറ്റു കാലഹരണപ്പെട്ട ആചാരങ്ങളും മുതലാളിത്തോൽപാദനരീതിയെ തടഞ്ഞുനിർത്തിയിരുന്നു. മുതലാളിത്തവ്യവസ്ഥയുടെ മുന്നോടിയായ ചരക്കുൽപാദനവ്യവസ്ഥയും അവികസിതമായിരുന്നു. ആധുനികയന്ത്രങ്ങൾ അക്കാലത്ത് അറിയപ്പെട്ടിരുന്നില്ല. രാജാക്കന്മാരുടെ കൊട്ടാരങ്ങൾക്കു ചുറ്റും വളർന്നുവന്ന നഗരങ്ങളിലും കൊച്ചുപട്ടണങ്ങളിലും പരുത്തി—പട്ടുവസ്ത്രങ്ങളും ആഭരണങ്ങളും വീട്ടുസാമാനങ്ങളും ആയുധങ്ങളും മറ്റു സാമഗ്രികളും ഉണ്ടാക്കുന്ന ഏതാനും കാർഖാനകൾ (പണിപ്പുരകൾ) ഉയർന്നുവന്നു കഴിഞ്ഞിരുന്നു. എന്നാൽ, ഈ കാർഖാനകളിലെ ഉൽപാദനം മുഖ്യമായും കൊട്ടാരങ്ങളുടെയും ഉദ്യോഗസ്ഥന്മാരുടെയും സൈന്യത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റാനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. വിദേശവിപണികളിൽ വിൽക്കുന്നതിനായി തുണിത്തരങ്ങൾ ഉണ്ടാക്കിയിരുന്നത് വളരെ കുറച്ചു കൈവേലക്കാർ മാത്രമായിരുന്നു. ഈ ഉൽപ്പന്നങ്ങളുടെ കലാപരമായ മേന്മ ഇന്ത്യയുടെ നിർമ്മാണവൈദഗ്ധ്യത്തിനു ലോകമൊട്ടുക്കും ആദരവു നേടിക്കൊടുത്തു. എന്നാൽ, ആഭ്യന്തരവിപണി വളർച്ച മുട്ടി അവികസിതമായി നിന്നു. കൃഷിയും വ്യവസായവും പരസ്പരം ബന്ധപ്പെട്ടും കെട്ടുപിണഞ്ഞുമാണ് നിലനിന്നിരുന്നത്. യൂറോപ്യൻ രാജ്യങ്ങളിലേതുപോലെ അവ വ്യത്യസ്തങ്ങളായ ഉൽപാദനശാഖകളായി വേർപിരിഞ്ഞു കഴിഞ്ഞിരുന്നില്ല. ഈ സമ്പ്രദായത്തിന് അതിന്റേതായ ദൗർബല്യങ്ങളുണ്ടായിരുന്നു. പ്രൊഫസർ ഗാഡ്ഗിൽ ചൂണ്ടിക്കാട്ടിയപോലെ ഗ്രാമങ്ങളിൽ തൊഴിലുമായി ബന്ധപ്പെട്ട പലതരം ചുമതലകൾ നിർവഹിച്ച നാട്ടുപണിക്കാർ ഒന്നിലും പ്രത്യേകമായ വൈദഗ്ധ്യം നേടിയിരുന്നില്ല. തൊഴിൽവിഭജനം വളരെ പരിമിതവുമായിരുന്നു. [13]

നഗരപ്രദേശങ്ങളിലെ ഉൽപാദനകേന്ദ്രങ്ങളുടെ വളർച്ച നാടുവാഴി പ്രഭുക്കളെ കൂടുതൽ സമ്പന്നരാക്കിത്തീർത്തു. കൈയിൽ കൂടുതൽ ധനം വന്നുചേർന്നതോടെ അവർ ആഡംബരവസ്തുക്കളുടെ മേൽ കൂടുതൽ കൂടുതൽ പ്രിയം കാണിക്കാനും അവയ്ക്കുവേണ്ടി യഥേഷ്ടം പണം ചെലവഴിക്കാനും തുടങ്ങി. ക്ഷേത്രങ്ങൾ, പള്ളികൾ, കൊട്ടാരങ്ങൾ മുതലായവയുടെ നിർമ്മാണത്തിലും അവർ കണ്ടമാനം പണം ചെലവുചെയ്തു. ഇങ്ങനെ അമിതമായി ചെലവഴിച്ചിട്ടും അവരുടെ കൈയിൽ ഉൽപ്പന്നങ്ങൾ മിച്ചമുണ്ടായിരുന്നു. ഈ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലുള്ള ശ്രമത്തിലാണ് ചരക്കുകളുടെ വിനിമയം അഭിവൃദ്ധിപ്പെട്ടത്. കാലക്രമേണ പട്ടണങ്ങൾ തമ്മിലുള്ള വ്യാപാരം വികസിച്ചുവന്നു. അതിന്റെ ഫലമായി ചില വിഭാഗം ജനങ്ങൾ വിപണിയിലേക്കുള്ള ചരക്കുകളുടെ നിർമ്മാണത്തിനുവേണ്ടി മാത്രം പ്രവർത്തിക്കാൻ തുടങ്ങി. ജാതികളുടെ അടിസ്ഥാനത്തിലാണ് ജോലികൾ തരം തിരിക്കപ്പെട്ടിരുന്നത്. ഓരോ ജാതിക്കും പ്രത്യേകമായ പഞ്ചായത്തുണ്ടായിരുന്നു. കച്ചവടക്കാർക്കും അവരുടെ സംഘടനയുണ്ടായിരുന്നു.

---

13. Gadgil: The industrial Evolution of India, P. 10.

# 13 പുതിയ ശക്തികളുടെ ആവിർഭാവം

1498-ൽ വാസ്കോഡഗാമ മലബാറിലെത്തിയതിനു ശേഷമാണ് വിദേശവ്യാപാരത്തിന് പുതിയൊരു പ്രചോദനം ലഭിച്ചത്. ക്രമത്തിൽ പോർച്ചുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരുമായ കച്ചവടസംഘക്കാരും ഇന്ത്യയിൽ വന്നു. ജഹാംഗീറിന്റെ കാലത്ത് യൂറോപ്യൻ വാണിജ്യസംഘങ്ങൾക്ക് ഇന്ത്യയുടെ മണ്ണിൽ പാണ്ടികശാലകളും ഫാക്ടറികളും സ്ഥാപിക്കാൻ അനുവാദം ലഭിച്ചു.

ദൂരവ്യാപകമായ മാറ്റങ്ങളുടെ കാലഘട്ടമായിരുന്നു അത്. പുതിയ സാമ്പത്തികശക്തികൾ രംഗത്ത് പ്രത്യക്ഷപ്പെട്ടു. ഒരു പ്രദേശവും മറ്റൊരു പ്രദേശവും തമ്മിലുള്ള സമ്പർക്കങ്ങൾ വർദ്ധിച്ചു. വിവിധരാജ്യങ്ങൾ തമ്മിലുള്ള ചരക്കുകളുടെ ഉൽപാദനത്തിലും വിനിമയത്തിലുമുണ്ടായ വളർച്ച, ഇന്ത്യയും വിദേശരാജ്യങ്ങളും തമ്മിലുണ്ടായ വ്യാപാരവാണിജ്യ പ്രവർത്തനവികസനം, മുതലാളിത്തഘടകങ്ങളുടെ ആവിർഭാവം എന്നിവയെല്ലാം നാടുവാഴിത്തവർഗ്ഗങ്ങളുടെ മേധാവിത്വത്തെ പ്രതികൂലമായി ബാധിച്ചു. സാമൂഹ്യജീവിതത്തിൽ കച്ചവടക്കാരുടെയും കൈവേലക്കാരുടെയും പദവി ശക്തിപ്പെട്ടു.

ഇസ്ലാം ഇന്ത്യയിൽ വന്നപ്പോൾ, സാമ്പത്തിക സാമൂഹ്യ വികസനത്തിന്റെ ഗതിവേഗം വളരെ കുറവായിരുന്നു. ഹിന്ദുമതത്തിന്റെ മതപരവും ദാർശനികവുമായ ആശയസംഹിതകൾ പുരോഗതിയുടെ വിലങ്ങുതടികളായി ത്തീർന്നത് ഈ ഘട്ടത്തിലാണ്. നാടുവാഴിത്തത്തിന്റെ വേരുകളിളകുകയും വർഗ്ഗവൈരുദ്ധ്യങ്ങൾ വർദ്ധിക്കുകയും ചെയ്തപ്പോൾ പുതിയ പുതിയ സാമൂഹ്യബന്ധങ്ങൾ ആവശ്യമായിവന്നു. പുതിയ പരിതസ്ഥിതിക്കനുയോജ്യമായ പുതിയ ആശയങ്ങളും പുതിയ പ്രത്യയശാസ്ത്രങ്ങളും ഉയർന്നുവരികയെന്നത് ചരിത്രത്തിന്റെ ഒരാവശ്യമായിത്തീർന്നു.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗുഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്ക്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014